ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി. ഒ.
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: lsgd.kerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/26024/2026-GEA3 തീയതി: 14-10-2026

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -കുന്നംകുളം നഗരസഭ ഓഫീസിൽ (മുൻ പഞ്ചായത്ത് വകുപ്പ്) ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജീജൻ.കെ.ജെ എന്നയാളെ ക്ലർക്ക് തസ്തികയിലെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:
1. തൃശ്ശൂർ ജില്ലാ ജോയിൻറ് ഡയറക്ടറുടെ 01.06.2026 തീയതിയിലെ LSGD/JD/TSR/ 2680/2026-A7 നമ്പർ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 12.10.1998 തീയതിയിലെ ഇ6/16822/ 98 നമ്പർ ഉത്തരവ്.
3. 20.06.1997 മുതൽ 31.12.1999 വരെ സേവനത്തിൽ പ്രവേശിച്ച ക്ലർക്കുമാരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടിക.
4. തൃശ്ശൂർ ജില്ലാ ജോയിൻറ് ഡയറക്ടറുടെ 21.01.2026 തീയതിയിലെ LSGD/JD/TSR/ 209/2026-A7 നമ്പർ ഉത്തരവ്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.09.2026 തീയതിയിലെ LSGD/PD/26024/2026-GEA3 നമ്പർ നോട്ടീസ്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം നഗരസഭ ഓഫീസിൽ (മുൻ പഞ്ചായത്ത് വകുപ്പ്) ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജീജൻ.കെ.ജെ എന്നയാളുടെ പേര് ക്ലർക്ക് തസ്തികയിലെ നിലവിലുള്ള സീനിയോറിറ്റി പട്ടികകളിൽ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല എന്നും, ആയതിനാൽ ടിയാനെ ക്ലർക്ക് തസ്തികയിലെ സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ ജീജൻ.കെ.ജെ എന്നയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെ പരാമർശം (2) പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ നിയമനം ലഭിക്കുകയും ആയത് പ്രകാരം 23.10.1998 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും,14.07.2006 തീയതിയിൽപ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ 50 വയസ്സ് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നിർബന്ധിത വകുപ്പ് തല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്ന് സ്ഥിരമായി ഇളവ് നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീ ജീജൻ.കെ.ജെ എന്നയാളെ പരാമർശം (2) ഉത്തരവ് പ്രകാരം 12.10.1998 തീയതി കണക്കാക്കി പരാമർശം (3) സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 1364-ശ്രീ കെ. പി രാമചന്ദ്രൻ എന്നയാളുടെയും ക്രമനമ്പർ 1365-ശ്രീമതി മിനി.എം.റ്റി എന്നയാളുടെയും ഇടയിൽ 1364B ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (5) പ്രകാരം

കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ ജീജൻ.കെ.ജെ എന്നയാളെ പരാമർശം (3) പ്രകാരമുള്ള ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ക്രമനമ്പർ 1364- ശ്രീ കെ. പി രാമചന്ദ്രൻ എന്നയാളുടെയും ക്രമനമ്പർ-1365 ശ്രീമതി മിനി.എം.റ്റി എന്നയാളുടെയും ഇടയിൽ 1364B ആയി ഉൾപ്പെടുത്തിയും, ആയത് പ്രകാരം പട്ടിക ഭേദഗതി ചെയ്യും ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും.
2. സെക്രട്ടറി, കുന്നംകുളം നഗരസഭ (ജോയിൻറ് ഡയറക്ടർ മുഖേന).
3. വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന).
4. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ DEC5 സെക്ഷൻ
5. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Digitally signed by
DIVYA S IYER
Date: 14-10-2026
16:05:56